**പതിമൂന്നാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3712 30.01.2014 ന് മറുപടിയ്ക്ക്

**ആനകളെ പരിപാലിക്കുന്നതിനുള്ള വ്യവസ്ഥകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജു | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ട് 1979 പ്രകാരം വ്യക്തികൾ ആനകളെ പരിപാലിക്കുന്നതിന് എന്തൊക്കെ വ്യവസ്ഥകളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) വന്യജീവി (സംരക്ഷണം) നിയമം 1972-ന്റെ 42-ാം വകുപ്പ് പ്രകാരം നാട്ടാനകൾക്ക് താമസ, പരിപാലന സൗകര്യങ്ങളൊരുക്കാൻ കഴിയുന്ന ഉടമകൾക്ക് മാത്രമേ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളു എന്ന് വ്യവസ്ഥ ചെയ്യുന്നു.<br>കൂടാതെ വന്യജീവി (സംരക്ഷണം) നിയമം 1972-ന്റെ 64-ാം വകുപ്പ് പ്രകാരം നാട്ടാനകളുടെ മെച്ചപ്പെട്ട പരിപാലനവും സംരക്ഷണവും ഉറപ്പാക്കുന്നതിനായി രൂപീകരിച്ച നാട്ടാന പരിപാലന ചട്ടം 2012-ൽ നാട്ടാനകളുടെ താമസം, പരിപാലനം, ചികിത്സ, കൊമ്പു മുറിയ്ക്കൽ, ഭക്ഷണം, പണിയെടുപ്പിക്കുന്നതിനുള്ള നിബന്ധനകൾ, ഉടമകളുടെ കടമയും ഉത്തരവാദിത്തവും, ആനകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഉത്സവങ്ങളുടേയും ആഘോഷങ്ങളുടേയും നിയന്ത്രണങ്ങൾക്കായി ജില്ലാതല കമ്മിറ്റികളുടെ രൂപീകരണം, യാത്രാ നിബന്ധനകൾ, ആനയുടെ റിട്ടയർമെന്റ്, ചരിഞ്ഞ ആനകളുടെ പോസ്റ്റ് മോർട്ടം, ശവം മറവു ചെയ്യൽ തുടങ്ങിയവയെ സംബന്ധിച്ച് വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) ആനകളെ കൈമാറ്റം ചെയ്യുന്നതിന് നിലവിൽ വൈൽഡ് ലൈഫ് ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾ ഉണ്ടോ ; വിശദാംശങ്ങൾ നൽകുമോ; | (ബി) നാട്ടാനകളെ കൈമാറ്റം ചെയ്യുന്നതിന് വന്യജീവി (സംരക്ഷണ) നിയമം 1972-ന്റെ 40(2), 43(1), 43(2) എന്നീ വകുപ്പുകൾ ബാധകമാണ്.<br>40(2) വകുപ്പു പ്രകാരം നാട്ടാനകളെ കൈമാറ്റം ചെയ്യുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ മുൻകൂർ അനുമതി ഉണ്ടാകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 43(1)-ാം വകുപ്പു പ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുള്ള വ്യക്തി നാട്ടാനകളെ വാണിജ്യാടിസ്ഥാനത്തിൽ കൈമാറ്റം ചെയ്യുന്നത് നിരോധിച്ചിരിക്കുന്നു. |

43(2)-ാം വകുപ്പ് പ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുള്ള വ്യക്തി താമസിക്കുന്ന സംസ്ഥാനത്തിന് പുറത്തേക്കോ, മറിച്ചോ ആനകളെ കൈമാറ്റം ചെയ്യുകയാണെങ്കിൽ, അവയെ കൊണ്ടുവന്ന സ്ഥലത്ത് അധികാര പരിധിയുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡന്റേയോ, ഇതിനായി ചുമതലപ്പെടുത്തിയ മറ്റ് ഉദ്യോഗസ്ഥന്റേയോ അടുത്ത്, കൈമാറ്റമോ യാത്രയോ നടന്ന് 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(സി) 2010 ഡിസംബർ മാസം 21-ന് സംസ്ഥാന വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നാട്ടാനകളുടെ വിവരങ്ങൾ പ്രസിദ്ധീകരിച്ചതിന് ശേഷം നാളിതുവരെ ആകെ എത്ര ആനകളെ കൈമാറ്റം ചെയ്തിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ നൽകുമോ ; പ്രസ്തുത ലിസ്റ്റ് പ്രകാരം ഉള്ള ഉടമസ്ഥരുടെ കൈവശം തന്നെയാണോ ഈ ആനകൾ ഇപ്പോഴും ഉള്ളതെന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ അവയുടെ പുതിയ ഉടമസ്ഥരുടെ പേരും മേൽവിലാസവും ആനകളെപ്പറ്റിയുള്ള വിവരങ്ങളും ലഭ്യമാക്കുമോ?

(സി) 2010 ഡിസംബർ മാസം 21-ന ശേഷം ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിയോടെ ആനകളെ കൈമാറ്റം ചെയ്തിട്ടില്ല. സംസ്ഥാന വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്ലോഡ് ചെയ്ത ലിസ്റ്റ് പ്രകാരമുള്ള ഉടമസ്ഥരുടെ കൈവശം തന്നെയാണോ അതാത് ആനകൾ ഇപ്പോഴും ഉള്ളത് എന്നത് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ.